File No.FWLD-D1/202/2018-FWLD

പതിനാലാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.959 06.06.2018 ന് മറുപടിയ്ക്ക്.

## സ്വാഭാവിക വനങ്ങളുടെ സംരക്ഷണത്തിനായി നടപ്പാക്കിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.വി. അൻവർ<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.കാരാട്ട് റസാഖ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്വാഭാവിക വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ് വിഭാഗത്തിനു കീഴിൽ വനസംരക്ഷണത്തിനും, വനപരിപാലനത്തിനുമായി ചുവടെ പറയുന്ന പ്രവൃത്തികൾ ചെയ്തു വരുന്നു.<br>• വനാതിർത്തി സർവ്വേയും ജണ്ട നിർമ്മാണവും.<br>• പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ/ പുറമ്പോക്കുകൾ തുടങ്ങിയ സ്ഥലങ്ങളും, റിസർവ്വ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികളും റിസർവ്വ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ.<br>• കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ<br>• പുതുതായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ<br>• ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ്.<br>• വനം വകുപ്പുമായി ബന്ധപ്പെട്ട പുരാതന രേഖകൾ സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റിക്കാർഡ് റൂം സ്ഥാപിക്കുന്നതിനുള്ള നടപടികൾ.<br>• വനം കയ്യേറ്റങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>• വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പു വരുത്തൽ.<br>• വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് വനവിഭവങ്ങളുടേയും, വന്യജീവികളുടേയും സംരക്ഷണം. |

- നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ മറയൂർ ചന്ദന ഡിപ്പോയുടെ സംരക്ഷണം.

| | |
|---|---|
| **(ബി)** വനാതിർത്തികൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | **(ബി)** അതിർത്തി സംരക്ഷിക്കുന്നതിന്റെ ഭാഗമായി വനാതിർത്തികളിൽ സ്ഥിരം ജണ്ടകൾ/കയ്യാലകൾ നിർമ്മിച്ചു വരുന്നു. അപ്രകാരം 2016-17 ൽ 12500 ജണ്ടകൾ നിർമ്മിച്ചു. 2017-18 വർഷത്തിൽ 31.03.2018 വരെ 14416-ഓളം ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. വനാതിർത്തികൾ വേർതിരിക്കുന്ന ശ്രമകരമായ ജോലിക്കായി സർവ്വേ വകുപ്പിലെ സർവ്വേയർമാരുടെ സേവനം ആവശ്യത്തിന് ലഭ്യമല്ലാത്തതിലൂടെ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിലേക്കായി വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ 30 പേർ വീതം അടങ്ങുന്ന വിവിധ ബാച്ചുകളിലായി സർക്കാർ അധീനതയിലുള്ള മോഡേൺ ഗവണ്മെന്റ് റിസർച്ച് & ട്രെയിനിംഗ് സെന്റർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വെ, ഹയർ സർവ്വെ, മോഡേൺ സർവ്വെ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തി വരുന്നു. നാളിതുവരെ 5 ബാച്ചിലായി 150 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം നൽകിയിട്ടുള്ളതും 6-ാമത് ബാച്ചിന്റെ പരിശീലനം നടന്നുവരുന്നതുമാണ്.<br>കൂടാതെ 04.04.2016 ലെ G.O(P)No.290/16/RD പ്രകാരം കേരള സർവ്വെ & ബൗണ്ടറീസ് റൂൾസ്-1964, റൂൾ-101 ഷെഡ്യൂളിൽ വേണ്ട ഭേദഗതി വരുത്തി ചെയിൻ സർവ്വെ, ഹയർ സർവ്വെ, മോഡേൺ സർവ്വെ പാസ്സായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| **(സി)** കാട്ടുതീ പടർന്നു പിടിച്ചാൽ അത് ഉപഗ്രഹ സഹായത്താൽ കണ്ടുപിടിക്കാൻ സാധിക്കുന്ന ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം നടപ്പിലായിട്ടുണ്ടോ; വിശദാംശം നൽകുമോ; | **(സി)** നടപ്പിലാക്കിയിട്ടുണ്ട്. കാട്ടുതീ നിയന്ത്രിക്കുന്നതിന് വനപാലകർക്ക് വിദഗ്ധ പരിശീലനം നൽകുന്നതിനോടൊപ്പം, കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ അത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഇതിലേക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡന്മാരും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും, സെക്ഷൻ ഫോറസ്റ്റ് |

ഓഫീസർമാരും ഇതിൽ പേര് രജിസ്റ്റർ ചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തി വരുന്നു.

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനംവകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമെ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചു വരുന്നു.

**(ഡി)** വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രധാന വെല്ലുവിളിയായ ആശയവിനിമയ സംവിധാനങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് ഡിജിറ്റൽ വയർലെസ്സ് കമ്മ്യൂണിക്കേഷൻ നെറ്റ് വർക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

**(ഡി)** ഡിജിറ്റൽ വയർലെസ്സ് വാർത്താ വിനിമയ ആവശ്യത്തിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് ടെണ്ടർ വിളിച്ചിട്ടുണ്ട്. നടപടികൾ ആദ്യഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ